



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


### FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. G.Pramodkumar

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 15/01/2026

1. ലോകബാങ്കിന്റെ സഹായത്തോടെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന കേര പദ്ധതി പ്രകാരം പുനർ നടീലിനു ഹെക്ടറിന് 75000 രൂപ നിരക്കിൽ ധനസഹായം നല്കുന്നതിനായുള്ള പദ്ധതിയ്ക്ക് റബ്ബർ കർഷകരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, എറണാകുളം, മലപ്പുറം, കണ്ണൂർ ജില്ലകളിലെ കർഷകർക്കാണ് തുക അനുവദിക്കുന്നത്. ഉത്പാദനക്ഷമത കുറഞ്ഞ റബ്ബർ മരങ്ങൾ മുറിച്ചു മാറ്റി കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാൻ ശേഷിയുള്ളതും, ഉല്പാദനക്ഷമത കൂടിയതുമായ ഇനങ്ങളുപയോഗിച്ചുള്ള മുപ്പതിനായിരം ഹെക്ടറിലെ പുനർനടീലാണ് സംസ്ഥാനത്ത് പദ്ധതിയിലൂടെ ലക്ഷ്യ വെയ്ക്കുന്നത്. നിലവിൽ 25 സെന്റ് മുതൽ 5 ഹെക്ടർ വരെ കൃഷിയുള്ള കർഷകർക്ക് തങ്ങളുടെ 2 ഹെക്ടർ വരെയുള്ള റബ്ബർ പുനർ നടീലിനാണ് പദ്ധതിയിലുൾപ്പെടുത്തി ധനസഹായം നൽകുക. ആദ്യവർഷം അമ്പത്തയ്യായിരം, രണ്ടാം വർഷം ഇരുപതിനായിരം എന്ന രീതിയിലായിരിക്കും ധനസഹായം ലഭ്യമാക്കുക. ഇതോടൊപ്പം നിലവാരമുള്ള റബ്ബർ തൈകൾ ഉല്പാദിപ്പിക്കുന്നതിനു ഈ ജില്ലകളിലെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

30 നഴ്സറികൾക്കു 6 ലക്ഷം രൂപ വരെ സബ്സിഡിയും അനുവദിക്കും. താല്പര്യമുള്ളവർ ഓൺലൈൻ പോർട്ടൽ (https://www.keraplantation.kerala.gov.in) വഴി നേരിട്ട് റജിസ്റ്റർ ചെയ്യാവുന്നതാണ്. തിരിച്ചറിയൽ രേഖ, ഫോട്ടോ, ബാങ്ക് പാസ്സ് ബുക്ക്, കൈവശാവകാശ സർട്ടിഫിക്കറ്റ്, കൃഷിഭൂമിയുടെ സ്കെച്ച്, അംഗീകൃത നഴ്സറിയിൽ നിന്ന് നടീൽ വസ്തുക്കൾ വാങ്ങിയതിന്റെ ബിൽ തുടങ്ങിയ രേഖകൾ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് കേരയുടെ കോട്ടയം, തൃശൂർ, കണ്ണൂർ എന്നിവിടങ്ങളിലെ റീജിയണൽ ഓഫീസുമായോ 9037824036, 9037824049, 9037824047 എന്നീ ഫോൺ നമ്പറുകളുമായോ ബന്ധപ്പെടുക.

2. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് സംഘടിപ്പിക്കുന്ന കോട്ടയം ജില്ലാതല ലോക മണ്ണ് ദിനാചരണ പരിപാടിയുടെ ഉദ്ഘാടനം 2026 ജനുവരി 16ന് രാവിലെ 10.30ന് കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വെച്ച് കടുത്തുരുത്തി എം.എൽ.എ. അഡ്വ. മോൻസ് ജോസഫ് നിർവ്വഹിക്കുന്നതാണ്. കടുത്തുരുത്തി ബ്ലോക്ക്

പഞ്ചായത്ത് പ്രസിഡന്റ്, തങ്കമ്മ വർഗ്ഗീസ് അദ്ധ്യക്ഷത വഹിക്കുന്നതാണ്. പരിപാടിയുടെ ഭാഗമായി പഞ്ചായത്ത്തല മണ്ണ് ഫലപുഷ്ടി ഭൂപടം പ്രകാശനം, കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡ് വിതരണം, കാർഷിക സെമിനാർ, മണ്ണ് ദിനാചരണ മത്സര വിജയികൾക്ക് സമ്മാനദാനം, എന്നിവയും നടത്തപ്പെടുന്നു

3. കേരള സംസ്ഥാന ക്ഷീര സംഗമം "പടവ് 2026" കൊല്ലം ജില്ലയിലെ ആശ്രാമം മൈതാനത്തുവെച്ച് 2026 ജനവരി 18 മുതൽ 21 വരെ "കേരള ഡയറി എക്സ്പോ" സംഘടിപ്പിക്കുന്നു. ഈ വർഷത്തെ എക്സ്പോയിൽ ക്ഷീരോൽപ്പാദനം, സംസ്കരണ സാങ്കേതികവിദ്യകൾ, പാക്കേജിംഗ് സൊല്യൂഷൻസ്, ഗുണനിലവാര മാനേജ്മെന്റ് സിസ്റ്റംസ്, മൃഗസംരക്ഷണം, ആരോഗ്യ മാനേജ്മെന്റ്, യന്ത്രവൽക്കരണം, ക്ഷീരകർഷക പ്രവർത്തനങ്ങളിലെ ഓട്ടോമേഷൻ എന്നിവയെ പ്രതിനിധീകരിക്കുന്ന വിപുലമായ ഒരു പ്രദർശനം ഉണ്ടായിരിക്കുന്നതാണ് .

4. പൂക്കോട് വെറ്ററിനറി സർവ്വകലാശാലയുടെ കീഴിലുള്ള ഇൻസ്ട്രക്ഷണൽ ലൈവ്സ്റ്റോക്ക് ഫാമിൽ 100 ടണ്ണിൽ പരം ചാണകം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

കിലോയ്ക്ക് 1.75 രൂപ എന്ന നിരക്കിൽ ലഭ്യമാണ്. ആവശ്യക്കാർ സ്വന്തം നിലയിൽ ലോഡ് ചെയ്ത് കൊണ്ടുപോകാവുന്നതാണ്. **ഫോൺ നമ്പർ: 8848350105, 9497720137**

## പരിശീലന പരിപാടി

5. കേരള കാർഷിക സർവകലാശാല വെള്ളായണി കാർഷിക കോളേജ് സെന്റർ ഫോർ അഗ്രികൾച്ചറൽ ഇന്നവേഷൻ ആൻഡ് ടെക്നോളജി ട്രാൻസ്ഫർ CAITT Vellayani യുടെ ആഭിമുഖ്യത്തിൽ **പഴങ്ങൾ, പച്ചക്കറികൾ, അലങ്കാര സസ്യങ്ങളിലെ സസ്യപ്രജനന സാങ്കേതിക വിദ്യകൾ** എന്ന വിഷയത്തിൽ ജനുവരി മാസം 16, 17 തീയതികളിൽ പരിശീലനം നടത്തുന്നു. പരിശീലന ഫീസ് 3000/- രൂപ. കൂടുതൽ വിവരങ്ങൾക്ക് ഫോൺനമ്പർ 8891540778, ഇമെയിൽ caittvellayani@kau.in

6. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി ഗോട്ട് ആൻഡ് ഷീപ്പ് ഫാം, മണ്ണുത്തിയിൽ വച്ച് നൂതന സാങ്കേതികവിദ്യകളേയും രോഗപ്രതിരോധ മാർഗ്ഗങ്ങളേയും പരിചയപ്പെടുത്തുന്ന **ആട് ഫാമിങ്-ഭാവിയുടെ ബിസിനസ്** എന്ന

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിഷയത്തിൽ പരിശീലനം 17.01.2026 ശനിയാഴ്ച്ച രാവിലെ 9 മുതൽ വൈകീട്ട് 5 വരെ സംഘടിപ്പിക്കുന്നു. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും 9447796219, 0487 2961100 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക. രജിസ്ട്രേഷൻ ചെയ്യാനുള്ള അവസാന തിയ്യതി 15.01.2026വൈകീട്ട് 5 മണി .

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം